**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4914** **14-11-2019 ൽ മറുപടിക്ക്**

**അനധികൃത കയ്യേറ്റം തടയുന്നതിന് നിയമം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ. വി.ആർ. സുനിൽ കുമാർ<br>ശ്രീ ഇ.കെ.വിജയൻ<br>ശ്രീമതി സി.കെ. ആശ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തോട്ടഭൂമി ഉൾപ്പെടെയുള്ളവയിലെ കയ്യേറ്റങ്ങൾ തടയുന്നതിനും കയ്യേറിയ ഭൂമി തിരികെപ്പിടിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) സർക്കാർ ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി 1957 ലെ കേരള ഭൂസംരക്ഷണ നിയമവും, 1958 ലെ ചട്ടങ്ങളും പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികളും, 2009 ലെ കേരള ഭൂസംരക്ഷണ നിയമം ഭേദഗതി പ്രകാരമുള്ള ശിക്ഷാ നടപടികളും സ്വീകരിച്ചു വരുന്നു. നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10.09.2018 ലെ സ.ഉ (സാധാ) 3778/18/റവ നമ്പർ ഉത്തരവിൻ പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ജോയിന്റ് കമ്മീഷണറെയും അസിസ്റ്റന്റ് കമ്മീഷണറെയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പ്രവർത്തിക്കുന്നതിനു പുറമെ ജില്ലാ തലത്തിലും, താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത ടീം സ്ഥല പരിശോധന ഉൾപ്പെടെ നടത്തി കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. രണ്ടാംശനി, ഞായർ ഉൾപ്പെടെയുള്ള പൊതു അവധി ദിവസങ്ങളിലും ടി സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വേയറുടെ സഹായത്തോടെ സർക്കാർ ഭൂമി അളന്ന് തിട്ടപ്പെടുത്തി അതിർത്തി കല്ലുകൾ സ്ഥാപിച്ച് കയ്യേറ്റം തടയാനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 260.4256 ഹെക്ടർ സർക്കാർ ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് തിരികെ ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) ഇതിനായി തയ്യാറാക്കുന്ന കേരള ലാന്റ് ഗ്രാബിംഗ് പ്രൊഹിബിഷൻ ബില്ലിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ;<br>(സി) ലാന്റ് ഗ്രാബിംഗ് പ്രൊഹിബിഷൻ ബില്ലിന്റെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും കേരളാ ലാൻഡ് ഗ്രാബിംഗ് പ്രോഹിബിഷൻ ബില്ലിന്റെ കരട് നിലവിൽ എ 1/271/2017/റവ നമ്പർ ഫയലിൽ പരിശോധിച്ചു വരുന്നു. |

| | |
|---|---|
| (ഡി) പാട്ടക്കാലാവധി കഴിഞ്ഞും പാട്ടവ്യവസ്ഥകൾ ലംഘിച്ചും കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചു പിടിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (ഡി) പാട്ടക്കാലാവധി കഴിഞ്ഞും പാട്ടവ്യവസ്ഥകൾ ലംഘിച്ചും ഭൂമി കൈവശം വച്ചിരിക്കുന്ന പാട്ടകക്ഷിക്ക് നിയമാനുസരണം നോട്ടീസ് നൽകി ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുന്നതിനും പാട്ടക്കുടിശ്ശിക ഒടുക്കു വരുത്താത്ത സാഹചര്യത്തിൽ കക്ഷിയിൽ നിന്നും കുടിശ്ശിക ഈടാക്കുന്നതിന് ആർ.ആർ. നടപടികൾ സ്വീകരിക്കുന്നതിനും, പാട്ടവ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷം പാട്ടക്കരാർ റദ്ദ് ചെയ്ത് പാട്ടഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം തടയുന്നതിന് രൂപീകരിച്ച ജാഗ്രത സ്ക്വാഡുകളുടെ പ്രവർത്തനം ഫലപ്രദമാണോ; വ്യക്തമാക്കുമോ? | (ഇ) ഫലപ്രദമാണ്. ഇതിനായി ജില്ലാ തലത്തിലും താലൂക്ക് തലത്തിലും രൂപീകൃതമായ മോണിട്ടറിംഗ് സെല്ലുകളും ടി സെല്ലുകളുടെ ഭാഗമായി പ്രവർത്തിക്കുന്ന സ്ക്വാഡുകളും സ്ഥല പരിശോധന ഉൾപ്പെടെ നടത്തി കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. വിവിധ വകുപ്പുകളെ ഏകോപിച്ചുകൊണ്ട് താലൂക്ക് സർവ്വെയറുടെ സഹായത്തോടെ അതാതു വകുപ്പുകളുടെ ഭൂമികളിലെ കയ്യേറ്റം തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 260.4256 ഹെക്ടർ സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് തിരികെ ഏറ്റെടുത്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**